ലജു പി. തോമസ്

**പഠനം - 2**

# വിശുദ്ധ ദർശന പ്രഭയെ വിപ്ലവ ദാർശനികൻ വിലയിരുത്തുമ്പോൾ



**മനുഷ്യപുത്രൻ എന്ന് ക്രിസ്തുവിന് എങ്ങനെ പേരു വന്നുവെന്ന് ഏതു കത്തനാരോടു ചോദിച്ചാലും പറഞ്ഞുതരില്ല. അതൊക്കെ വ്യക്തമാക്കി തന്നത് തിരുമേനിയാണെന്ന് പി. ജി. തുറന്നു പറയുന്നു.**

'മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും' അഞ്ച് ഭാഗങ്ങളിലായാണ് തിരിച്ചിരിക്കുന്നത്. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കാലശേഷം അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളെപ്പറ്റി മാർക്സിസ് പാർട്ടിയുടെ ഔദ്യോഗികവാരികയായ 'ചിന്ത'യിൽ പി. ഗോവിന്ദപ്പിള്ള എഴുതിയിരുന്നു. 'ചിന്ത'യിൽ ഖണ്ഡശയായി പ്രസിദ്ധീകരിച്ച ലേഖനങ്ങളാണ് ഇപ്പോൾ പുസ്തക രൂപത്തിൽ സമാഹരിച്ചിരിക്കുന്നത്.

'ട്രേഡ് യൂണിയനിസത്തിൽ നിന്ന് പൗരോഹിത്യത്തിലേക്ക്' എന്ന ഒന്നാം ഭാഗം തിരുമേനിയുടെ ജീവചരിത്രക്കുറിപ്പുകളാണ്. പി. ആൻഡ് ടി യൂണിയൻ നേതാവ് എന്ന നിലയിൽ നിന്ന് ഡൽഹി മെത്രാപ്പോലീത്തായായതു വരെയുള്ള കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു. 'ചുവന്ന മെത്രാൻ' എന്ന അധ്യായം അഖിലലോക സഭാ കൗൺസിലിൽ അദ്ദേഹം വഹിച്ച നിർണ്ണായക പങ്ക്, സാർവ്വദേശീയ കാഴ്ചപ്പാട് എന്നിവ വ്യക്തമാക്കുന്നു. തിരുമേനിയുടെ ആത്മകഥയിൽ എഴുതാത്ത അധ്യായങ്ങളുടെ തലവാചകങ്ങൾ ചേർത്തിട്ടുള്ളത് വായനക്കാരെ ഒരേ സമയം പ്രലോഭിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുന്നുവെന്ന് പി. ജി. അഭിപ്രായപ്പെടുന്നു.

രണ്ടും മൂന്നും ഭാഗങ്ങളിൽ പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസത്തിന്റെ അനന്യതയേയും ഗ്രിഗോറിയൻ ദർശനത്തെയും വിശകലനം ചെയ്യുന്നു. പൗലോസ് മാർ ഗ്രിഗോറിയോസ് ഗുരുവായി കണക്കാക്കുന്ന നിസായിലെ ഗ്രിഗോറിയോസിന്റെ ചിന്തകളെയും അത് തിരുമേനിയിൽ വരുത്തിയിരിക്കുന്ന സ്വാധീനത്തെയും ഗഹനമായി വിലയിരുത്തുന്നു. പൗരസ്ത്യ സഭാ പിതാക്കന്മാരെ ആശ്രയിച്ചുകൊണ്ട് ആധുനിക യുഗത്തിന്റെ സമസ്യകളുമായി മതവിജ്ഞാനീയത്തെ സമ്പന്നമാക്കിയതാണ് ഗ്രിഗോറിയോസിന്റെ സംഭാവനയെന്നു വിലയിരുത്തുന്നു.

പാശ്ചാത്യ ക്രൈസ്തവ നാഗരികതയുടെ തുടക്കം തൊട്ടു തന്നെ പ്രകൃതിയുടെ മേൽ മനുഷ്യനുള്ള അധീശ്വത്വവും അനിയന്ത്രിതമായ ചൂഷകാധിപത്യവും ന്യായീകരിക്കപ്പെട്ടു വന്നിരുന്നു. എന്നാൽ ഭാരതീയ ചിന്തയിൽ മഹാവീരനും ബുദ്ധനും എല്ലാ ജീവജാലങ്ങളെയും കരുണയോടും ആദരവോടും കൂടിയാണ് കരുതിയിരുന്നത്. ബൗദ്ധ ജൈന പാരമ്പര്യത്തിൽ അത്യന്തം ആകൃഷ്ടനായിരുന്ന പൗലോസ് മാർ ഗ്രിഗോറിയോസ് ഈ പാരമ്പര്യത്തെ ക്രൈസ്തവ ചിന്തയുമായി നെയ്തു ചേർത്തുവെന്ന് പി. ഗോവിന്ദപ്പിള്ള പറയുന്നു. അദ്ദേഹം എഴുതുന്നു. "ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ പരിസ്ഥിതി സംരക്ഷണം ഉദ്ബുദ്ധ ജന



തയുടെ അടിയന്തര പരിപാടിയിൽപെടുകയും ആധുനിക ലോകത്തിലെ ഉൽക്കണ്ഠാകുലമായ വിവാദ പ്രശ്നം ആവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും പൗലോസ് മാർ ഗ്രിഗോറിയോസിനെപ്പോലെ ദീർഘ വീക്ഷണം ഉള്ള ഒരു ദാർശനികന് ഈ പ്രകൃതി മാഹാത്മ്യവീക്ഷണത്തിൽ നിന്നോ പരിസ്ഥിതി സരക്ഷണ പരിപാടിയിൽ നിന്നോ ഒഴിഞ്ഞു നിൽക്കാൻ ആവുകയില്ല. അങ്ങനെ ഒഴിഞ്ഞു നിന്നില്ല എന്നു മാത്രമല്ല പ്രകൃതിയും മനുഷ്യ

# പി. ഗോവിന്ദപ്പിള്ളയുമായുള്ള അഭിമുഖം

പൗരസ്ത്യ ഓർത്തഡോക്സ് ദർശനത്തെപ്പറ്റിയും സഭാ പിതാക്കന്മാരെപ്പറ്റിയും വളരെ വ്യക്തതയോടെ ഒരു നിരീശ്വരവാദി സംസാരിക്കുന്നതു കേട്ടപ്പോൾ വളരെയേറെ ആശ്ചര്യവും അഭിമാനവും തോന്നി. മലങ്കരസഭ ലോകത്തിനു സംഭാവന ചെയ്ത വിശ്വമനീഷിയായ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതദർശനങ്ങളെപ്പറ്റി മാർക്സിസ്റ്റ് സൈദ്ധാന്തികനും പണ്ഡിതനുമായ പി. ഗോവിന്ദപ്പിള്ള എഴുതിയ ഗ്രന്ഥത്തെപ്പറ്റി അദ്ദേഹം സംസാരിച്ചപ്പോഴാണ് എനിക്ക് ഇങ്ങനെ അനുഭവം ഉണ്ടായത്.

ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകിരിക്കുന്ന പി. ഗോവിന്ദപ്പിള്ളയുടെ 'മാർ ഗ്രീഗോറിയോസിന്റെ മതവും മാർക്സിസവും' എന്ന ഗ്രന്ഥത്തിൽ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവിതത്തെയും ബൗദ്ധിക വികാസത്തെയും സിദ്ധാന്തങ്ങളെയും ആരാധനാപൂർവ്വം പഠിക്കുകയും വിമർശിക്കുകയും ചെയ്യുന്നു. ആഴമേറിയ ഈ പഠനം മതവിശ്വാസികൾക്കും പുതിയൊരു വായനാനുഭവം പകരും എന്നു തീർച്ചയാണ്.

ഗ്രിഗോറിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിന്റെ ദശ വാർഷിക വേളയിൽ അവിശ്വാസിയായ ഒരു ശിഷ്യന്റെ പ്രണാമമായി മാത്രം ഈ കൃതിയെ കരുതിയാൽ മതിയെന്ന് ഗോവിന്ദപ്പിള്ള അവതാരികയിൽ പറയുന്നു. തിരുമേനിയിൽ നിന്ന് വളരെയേറെ പഠിക്കാൻ കഴിഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ ഒരു വിനീത ശിഷ്യനാണ് താനെന്ന് അംഗീകരിക്കുന്നു. മനുഷ്യ സൃഷ്ടി മുതൽ പൗരസ്ത്യ ചിന്തയുടെ വ്യതിരിക്തത വരെയുള്ള യോജിപ്പിന്റെയും വിയോജിപ്പിന്റെയും മേഖലകളെപ്പറ്റി പി. ഗോവിന്ദപ്പിള്ളയുമായി സംസാരിച്ച അഭിമുഖത്തിൽ നിന്നും.

***ഇടതു സഹയാത്രികരായി നിരവധി ബിഷപ്പുമാർ കേരളത്തിലുണ്ട്. അതിൽ കൂടുതൽ അടുപ്പം പൗലോസ് മാർ ഗ്രിഗോറിയോസിനോട് തോന്നാൽ കാരണം?***

എന്നോടും എന്റെ പ്രസ്ഥാനത്തോടും അദ്ദേഹത്തിനു വളരെയധികം അടുപ്പം ഉണ്ടായിരുന്നു. അതിനോടുള്ള പ്രതികരണം എന്ന നിലയിൽ അദ്ദേഹവുമായി പരിചയപ്പെടാനും, പല വേദികൾ പങ്കിടാനും ധാരാളം സംവാദങ്ങൾ നടത്താനും നേരിട്ട് പലതും ചോദിച്ചറിയാനും കഴിഞ്ഞതോടുകൂടി കാലക്രമേണ ആ സൗഹൃദം വളർന്നു വലുതായി. വാസ്തവം പറഞ്ഞാൽ എന്നോടു വാത്സല്യം ഉണ്ടായിരുന്നു. എന്നു പറയുന്നതായിരിക്കും ഭേദം. വൈദികനായിരിക്കുമ്പോൾ മുതൽ ഞങ്ങൾ സുഹൃത്തുക്കളാണ്. അഞ്ചാറു ബിഷപ്പുമാരുമായി എനിക്കു നല്ല പരിചയമുണ്ട്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ക്രിസോസ്റ്റം മെത്രാപ്പോലീത്താ അവരൊക്കെ പുരോഗമനത്തിന്റെ മട്ടുള്ള ആളുകളായിരുന്നു. ഇടതു ചിന്താഗതിക്കാരനായ പൗലോസ് മാർ പൗലോസ് അതുപോലെയാണ് തിരുമേനിയുമായും പരിചയപ്പെട്ടത്, പക്ഷേ ആ പരിചയം വളർന്നുവരികയും ഞാൻ അദ്ദേഹത്തിന്റെ ഒരു ആരാധകനാവുകയും ചില കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ശിഷ്യനായിത്തീരുകയും ചെയ്തു.

***ചില ദാർശനിക വിഷയങ്ങളിലൊക്കെ ഗ്രിഗോറിയോസിന്റെ ശിഷ്യത്വം പി. ജി. അംഗീകരിച്ചിട്ടുണ്ട്. അത് ഏതൊക്കെ വിഷയങ്ങളിലാണ്?***

ആധുനിക ദർശനത്തിന്റെ വിവിധ ചിന്താധാരകളെപ്പറ്റി അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. ഉദാഹരണത്തിന് ലോജിക്കൽ പോസിറ്റിവിസം, മോഡേണിസം, പോസ്റ്റ് മോഡേണിസം, ഹിസ്റ്റോറിസം തുടങ്ങിയ വിഷയങ്ങൾ. വളരെ ലളിതമായി ആഴത്തിൽ പറഞ്ഞുതരും. അരിസ്റ്റോട്ടിലോ, പ്ലേറ്റോയോ, ശങ്കരനോ, ബുദ്ധനോ-ആരെക്കുറിച്ചാണെങ്കിലും അദ്ദേഹം പറഞ്ഞുതരും. വിദ്യാർത്ഥികൾക്കുള്ള ശരിയായ സിദ്ധാന്തവും അതിനെപ്പറ്റി അദ്ദേഹത്തിന്റെ വീക്ഷണവും; രണ്ടും പറഞ്ഞുതരും.

***ഒരു ആരാധകനെന്നതിലുപരി വ്യക്തിപരമായ അടുപ്പം ഉണ്ടായിരുന്നില്ലേ!***

അദ്ദേഹം തിരുവനന്തപുരത്ത് വരുമ്പോൾ എന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. മൂന്നുനാലു തവണ വന്നു കഴിഞ്ഞപ്പോൾ ഭാര്യ രാജമ്മയ്ക്ക്, യൂണിവേഴ്സിറ്റി കോളജിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ നടത്തണമെന്നു തോന്നി. ഫിലോസഫി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം യാതൊരു പ്രതിഫലേച്ഛയും കൂടാതെ കുറേ പ്രഭാഷണങ്ങൾ അദ്ദേഹം നടത്തി.

***ഒരു വിമോചന ദൈവശാസ്ത്രജ്ഞൻ എന്ന നിലയിലാണോ അദ്ദേഹത്തെ കണ്ടത്. എങ്ങനെയാണ് മാർ ഗ്രിഗോറിയോസ് ഇങ്ങനെയുള്ളവരുടെയിടയിൽ വ്യത്യസ്തനാകുന്നത്?***

ഒരു വിമോചന ദൈവശാസ്ത്രം അല്ല ഉള്ളത്. ഓരോരുത്തർക്കും ഓരോ വിധത്തിലാണ്. ഫാ. കാപ്പന്റെ ദൈവശാസ്ത്രം ഒരുതരമാണ്. ഈ പുസ്തകം സമർപ്പിക്കുന്നത്. അലോഷ്യസ് ഫെർണാണ്ടസ് എന്നൊരു അച്ചനാണ്. അദ്ദേഹം വ്യത്യസ്തനായ ഒരാളാണ്. ഡോ. ഒസ്താത്തിയോസ്, പൗലോസ് മാർ പൗലോസ്, ഫാ. കൊച്ചേരി, ഡോ. തോമസ് മാർ അത്താനാസ്യോസ് ഇങ്ങനെ പലരുണ്ട്. ഇവർക്ക് ഓരോരുത്തർക്കും

ഓരോ വാദമാണ്. ഗ്രിഗോറിയോസിന് തന്റേതായ ഒരു വീക്ഷണമുണ്ടായിരുന്നു. അതാണ് സ്വീകരിച്ചു പോന്നിരുന്നത്. പൊതുവേ വേദപുസ്തകത്തിൽ ഉറച്ചു നിന്നുകൊണ്ട് ക്രിസ്തുവിന്റെ സന്ദേശം അധഃസ്ഥിതർക്കും പീഡിതർക്കും വേണ്ടിയാണ് എന്നു മനസിലാക്കി ആ സത്ത ഉൾക്കൊണ്ട്, അത് സമകാലിക സാമ്പത്തിക ജീവിതത്തിലേക്കും, രാഷ്ട്രമീമാംസയിലേക്കും സന്നിവേശിപ്പിക്കുക. ഇത് ഓരോരുത്തരും ഓരോതരത്തിൽ ചെയ്യുന്നു എന്നു മാത്രം.

***ഒരു പൗരസ്ത്യ ഓർത്തഡോക്സ് ബിഷപ്പ് മാർക്സിസ്റ്റ് സഹയാത്രികനാകുന്നതിൽ എന്തെങ്കിലും വൈരുദ്ധ്യം?***

പൗരസ്ത്യ ഓർത്തഡോക്സ് ദാർശനികത യാഥാസ്ഥിതികമാണ് എന്ന് എനിക്കു തോന്നുന്നില്ല. വാസ്തവത്തിൽ പാശ്ചാത്യ ക്രിസ്തീയതയാണ് യാഥാസ്ഥിതികം. അതൊക്കെ വിശദമായി പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട്. സെന്റ് അഗസ്റ്റിൻ, തോമസ് അക്വിനാസ്, കാൾബാത്ത് എന്നിവരുടെ പാശ്ചാത്യ വേദശാസ്ത്രത്തെ ഗ്രിഗോറിയോസ് എതിർത്തിരുന്നു. ഉദാ: ആദാമ്യ പാപത്തെക്കുറിച്ചു സിദ്ധാന്തം അതനുസരിച്ച് നമ്മൾ ജനിക്കുന്നതു തന്നെ പാപിയായിട്ടാണെന്നാണ് അത് മനുഷ്യനെപ്പറ്റി വേണ്ടത്ര വിശ്വാസം ഇല്ലായ്കയിൽ നിന്നു വരുന്നതാണ്. മാനവികത എന്നു പറയുന്നത് ഗ്രിഗോറിയൻ ചിന്തയുടെ ഒരു പ്രധാനപ്പെട്ട ഘടകമാണ്. തിരുമേനിയുടെ ചിന്തയുടെ ഒരു പ്രധാനപ്പെട്ട ഉറവിടം പൗരസ്ത്യ പിതാവായ നിസ്സായിലെ ഗ്രിഗറിയായിരുന്നു. വേദപുസ്തകത്തിനു പുറത്ത് വിജ്ഞാനമുണ്ടെന്നും അതുംകൂടി ഉൾക്കൊള്ളണമെന്നും വിശ്വസിച്ച വ്യക്തിയായിരുന്നു അദ്ദേഹം. പരിണാമവാദത്തെപ്പോലും അംഗീകരിച്ചിരുന്ന ഗ്രിഗറി പേഗൻ ഫിലോസഫിയിലെ ചില ഭാഗങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഗ്രിഗോറിയോസും ഇതുപോലെയാണ്. ജൈനചിന്തയെയും ബൗദ്ധ ചിന്തയെയും ഏറെ ഇഷ്ടപ്പെടുന്ന അദ്ദേഹം നാഗാർജ്ജുനന്റെ ശൂന്യവാദത്തിൽ നിന്നും ആധുനിക മാർക്സിസത്തിൽ നിന്നും ഉൾക്കാഴ്ചകൾ സ്വീകരിക്കുന്നുണ്ട്.

***Enlightenment East and West, A Light too Bright തുടങ്ങിയ പുസ്തകങ്ങളിൽ പാശ്ചാത്യ പ്രബുദ്ധതയെ അദ്ദേഹം ചോദ്യം ചെയ്യുന്നുണ്ട്. അതിനെ എങ്ങനെ നോക്കിക്കാണുന്നു?***

പാശ്ചാത്യ ശാസ്ത്രത്തിന്റെ പല സങ്കല്പങ്ങൾക്കും ഗ്രിഗോറിയോസ് എതിരായിരുന്നു. നവോത്ഥാനത്തിന്റെ ഫലമായാണ് പാശ്ചാത്യ ശാസ്ത്രവും റീഫർമേഷനും ഉണ്ടാകുന്നത്. ഇതിന്റെ രണ്ടിന്റെ കൂടി ഫലമായാണ് സയന്റിഫിക് റവല്യൂഷൻ ഉണ്ടാകുന്നത്. കോപ്പർ നിക്കസ്, കെപ്ലർ, ഗലീലിയോ, ന്യൂട്ടൻ ഈ സ്വാധീനത്തിലാണ് എൻലൈറ്റ്മെന്റ് ഉണ്ടാകുന്നത്. അതിന്റെ നിരർത്ഥകത ഗ്രിഗോറിയോസ് സമർത്ഥിക്കുന്നു. പാശ്ചാത്യ ചിന്തയിൽ പ്രസ്തുത ചിന്തകളാണ് അവരെ മുതലാളിത്തത്തിലേക്കും സാമ്രാജ്യത്വത്തിലേക്കും നയിച്ചതെന്നാണ് അദ്ദേഹത്തിന്റെ ദർശനം. പാശ്ചാത്യ പ്രബുദ്ധതാ പാരമ്പര്യത്തിലാണ് മുതലാളിത്തത്തിന്റെ നീതികരണം ലഭിക്കുന്നത്. പാശ്ചാത്യ ശാസ്ത്രത്തിന്റെ ഉല്പന്നമായ അലോപ്പതിക്കും അദ്ദേഹം എതിരായിരുന്നു. ജീവിതത്തിന്റേയും, രാഷ്ട്രീയത്തിന്റെയും സാർവ്വദേശീയതയുടെയും ശാസ്ത്രത്തിന്റേതുമായ പരസ്പര ബന്ധിതമായ ഒരു സമഗ്ര സമീപനമായിരുന്നു ഗ്രിഗോറിയോസിന്റേത്.

ശാസ്ത്രത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്ത ദാർശനികന്മാർ ഉണ്ട്. അവരോടാണ് അദ്ദേഹത്തിന് അടുപ്പം. ഫെറാബെൻഡിന്റെ പുസ്തകം തിരുമേനിയാണ് എനിക്കു വായിക്കുവാൻ തന്നത്.

പക്ഷേ ഗലീലിയോയും കോപ്പർനിക്കസും പറഞ്ഞത് തെറ്റാണ്, സൃഷ്ടികഥയിലെപ്പോലെ ആറു ദിവസത്തെ സൃഷ്ടികർമ്മം കഴിഞ്ഞ് ദൈവം ഏഴാം ദിവസം വിശ്രമിച്ചു-എന്നുള്ളതാണെന്നും ഗ്രിഗോറിയോസ് അംഗീകരിക്കും എന്നെനിക്കു തോന്നുന്നില്ല. ജൈനമതത്തിലെ അനേകാന്തവാദവും ആധുനിക ചിന്തയുമായി അദ്ദേഹം സമർത്ഥമായി ഇന്റഗ്രേറ്റു ചെയ്യുന്നു.

ശാസ്ത്ര-മത സംവാദത്തെപ്പറ്റി ഞാനും ഇ. എം. എസും അദ്ദേഹവുമായി പല പ്രസിദ്ധീകരണങ്ങളിലും സംവാദം നടത്തിയിട്ടുണ്ട്. അത് അതേപോലെ ഒരു ഭാഗമായി പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

*ഗ്രിഗോറിയോസും മാർക്സിസവും അംഗീകരിക്കുന്ന മേഖലകൾ...*

സർഗാത്മക സാഹിത്യം എന്നു പറയുന്നത് റിയാലിറ്റി തന്നെയാണ്. ശാസ്ത്രമെന്നത് യാഥാർത്ഥ്യത്തിന്റെ ഒരു വശമാണ്. മറ്റേ യാഥാർത്ഥ്യത്തിന്റെ മറുവശം. ഒന്നു വിശ്വാസവും മറ്റേത് കെട്ടുകഥയുമാണെന്ന് വിശ്വസിക്കാനാകില്ല. അത് മാർക്സിസ്റ്റുകളും അംഗീകരിക്കുന്നു.

നുമായുള്ള ബന്ധത്തിന് ദാർശനികവും മതാധിഷ്ഠിതവുമായ വ്യാഖ്യാനം നൽകാനും തിരുമേനി ശ്രമിക്കുന്നു. മനുഷ്യ സത്തയുടെ അവിഭാജ്യഘടകമായ സർഗശക്തി ദൈവത്തിന്റെ മനുഷ്യേതര സൃഷ്ടികൾക്കും ഉണ്ടെന്നും മനുഷ്യന്റെ ജന്മാവകാശമായ സ്വാതന്ത്ര്യത്തിന് അവയും അർഹരാണെന്നും ഗ്രിഗോറിയോസ് വാദിച്ചു. അദ്ദേഹത്തിന്റെ മതവിജ്ഞാനീയത്തിൽ ഈ വീക്ഷണം ഇഴ ചേർന്നു കാണാം." (പുറ. 155)

മനുഷ്യപുത്രൻ എന്ന് ക്രിസ്തുവിന് എങ്ങനെ പേരു വന്നുവെന്ന് ഏതു കത്തനാരോടു ചോദിച്ചാലും പറഞ്ഞു തരില്ല. അതൊക്കെ വ്യക്തമാക്കി തന്നത് തിരുമേനിയാണെന്ന് പി. ജി. തുറന്നു പറയുന്നു. പടിഞ്ഞാറന്മാർ മനുഷ്യരെ തരം താഴ്ത്തിക്കാണുകയും ദൈവത്തെ പുകഴ്ത്തുന്നു എന്ന ഭാവേന മനുഷ്യന്റെ കഴിവുകളെയും സാധ്യതകളെയും നിരസിക്കുകയും ചെയ്യുന്നു എന്നാണ് ഗ്രിഗോറിയൻ വാദം.

ശാസ്ത്രം, മാർക്സിസം എന്ന നാലാംഭാഗം ഗ്രിഗോറിയോസും മാർക്സിസവും തമ്മിലുള്ള യോജിപ്പിന്റെ മേഖലകൾ വിശകലനം ചെയ്യുന്നു. മനുഷ്യനെ വസ്തുവൽക്കരിച്ചുകാണുന്ന ആധുനിക ബൂർഷ്വാ സാമ്പത്തികാസൂത്രണത്തിലെ പ്രവണതയ്ക്ക്,

മാർക്സിസവും ഗ്രിഗോറിയോസും ഒരു പോലെ എതിരാണ്.

ശാസ്ത്രം-മതം-മതനിരപേക്ഷത എന്നിവയെപ്പറ്റി ഇ. എം. എസും. ഗോവിന്ദപ്പിള്ളയും തിരുമേനിയുമായി നിരവധി പ്രസിദ്ധീകരണങ്ങളിൽ സംവാദം നടത്തിയിട്ടുണ്ട്. (ചിന്ത പബ്ലി ഷേഴ്സ് തന്നെ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു.) അത് അതു പോലെ തന്നെ അഞ്ചാം ഭാഗമായി ചേർത്തിട്ടുണ്ട്.

1995-ൽ കോഴിക്കോട്ട് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമു ഖ്യത്തിൽ നടന്ന സെമിനാറിൽ മതനിര പേക്ഷതയെക്കുറിച്ച് അവതരിപ്പിച്ച പ്രബന്ധം വിവാദമാവുകയുണ്ടായി. ആ പ്രബന്ധവും വിവാദത്തിൽ പങ്കെടുത്ത ഇ.എം.എസിന്റേയും ഗോവിന്ദപ്പിള്ളയു ടേയും പ്രബന്ധങ്ങളും ഉൾക്കൊള്ളിച്ചി ട്ടുണ്ട്. സംവാദത്തിനു മറുപടി പറ ഞ്ഞുള്ള തിരുമേനിയുടെ ലേഖനത്തോ ടെയാണ് പുസ്തകം അവസാനിക്കുന്നത്.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ സാഹസികമായ ജീവിതപഥങ്ങളും. അനുപമമായ ബൗദ്ധിക-പരിണാമ ങ്ങളും മാനവികാദർശത്തിൽ അധിഷ്ഠി തമായ മതചിന്തയും അതുല്യമായി ഇഴ ചേർന്ന് വർത്തിക്കുന്ന സ്വാതന്ത്ര്യബോ ധവും അധഃസ്ഥിത പ്രതിബദ്ധതയും വിമർശനാത്മകമായി വിവരിക്കാൻ ശ്രമി ക്കുന്ന പുസ്തകം വായനക്കാരെ ആ ശ്രമത്തിൽ സഹായിക്കും എന്ന പ്രതീ ക്ഷയോടെയാണ് പി. ഗോവിന്ദപ്പിള്ള ഗ്രന്ഥരചന നടത്തിയിരിക്കുന്നത്.

ഗ്രിഗോറിയൻ വിജ്ഞാന സാഗ രത്തെ ഒരു കൊതുമ്പുവള്ളം കൊണ്ട് തുഴഞ്ഞുകടക്കാമെന്ന തന്റെ അഹന്ത അസ്ഥാനത്തായി എന്ന് പുസ്തകം പൂർത്തിയായപ്പോൾ ബോധ്യമായി എന്ന് ആമുഖത്തിൽ പി. ഗോവിന്ദപ്പിള്ള രേഖ പ്പെടുത്തുന്നു.

ഗ്രിഗോറിയോസിന്റെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മിക്ക പുസ്തക ങ്ങളും വായിച്ചിട്ടുള്ള പി. ഗോവിന്ദപ്പി ള്ളയുടെ ഗുരു പൂജയായ ഈ പുസ്തകം തിരുമേനിയുടെ പത്താം ചരമവാർഷിക വേളയിലെങ്കിലും ആ ശ്രേഷ്ഠാചാര്യനെ അറിയുവാനും മനസിലാക്കുവാനും മല ങ്കര സഭാംഗങ്ങൾക്ക് ഒരു നിമിത്തമായി ഭവിക്കട്ടെ.

**മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും**

**പി. ഗോവിന്ദപ്പിള്ള**

പ്രസാധനം ചിന്ത പബ്ലിഷേഴ്സ്

വിതരണം ദേശാഭിമാനി ബുക്ക് ഹൗസ് തിരുവനന്തപുരം

പേജ് 251

വില 130 രൂപ

❖